# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8099</u> <u>17/07/2014-ൽ മറുപടിക്ക്</u>

## <u>എക്സ്-റേ സൗകര്യമില്ലാത്ത താലൂക്കാശുപത്രികൾ</u>

<u>ചോദ്യം</u>

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

<u>മറുപടി</u>

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എക്സ്-റേ സൗകര്യം ഇല്ലാത്ത എത്ര താലൂക്ക് ആശുപത്രികളാണ് ഉള്ളത്; വ്യക്തമാക്കാമോ ; | (എ) | തിരുവനന്തപുരം ജില്ലയിലെ ഫോർട്ട്, ആറ്റിങ്ങൽ, കൊല്ലം ജില്ലയിലെ കുണ്ടറ, കോട്ടയം ജില്ലയിലെ കുറവിലങ്ങാട്, എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, അങ്കമാലി, പുത്തൻവേലിക്കര, പിറവം, തൃശ്ശൂർ ജില്ലയിലെ പുതുക്കാട്, കോഴിക്കോട് ജില്ലയിലെ നാദാപുരം, മലപ്പുറം ജില്ലയിലെ അരീക്കോട്, കുറ്റിപ്പുറം, കണ്ണൂർ ജില്ലയിലെ പെരിങ്ങോം, പഴയങ്ങാടി, ഇരിട്ടി, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, നീലേശ്വരം എന്നീ താലൂക്ക് ആശുപത്രികളിലാണ് എക്സ്-റേ സംവിധാനം ഇല്ലാത്തത്.<br>പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ എല്ലാ താലൂക്ക് ആശുപത്രികളിലും എക്സ്-റേ സംവിധാനം നിലവിലുണ്ട്. |
| (ബി) | താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ എക്സ്-റേ യൂണിറ്റുണ്ടെങ്കിലും ടെക്നീഷ്യൻ തസ്തിക ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ കൊടുവള്ളി സി.എച്ച്.സിയിൽ നിന്നും പുനർവിന്യാസ അടിസ്ഥാനത്തിൽ എക്സ്-റേ ടെക്നീഷ്യന്റെ സേവനം ലഭ്യമാക്കിയതിനെത്തുടർന്ന് ഇപ്പോൾ എക്സ്-റേ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | നരിക്കുനി, കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ എക്സ്-റേ സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സ്-റേ സൗകര്യം നിലവിൽ ലഭ്യമാണ്. കൊടുവള്ളി ഹെൽത്ത് സെന്ററിൽ എക്സ്-റേ ടെക്നീഷ്യന്റെ തസ്തിക ഉണ്ടെങ്കിലും എക്സ്-റേ മെഷീൻ ലഭ്യമല്ലാത്തതിനാൽ എക്സ്-റേ സൗകര്യം നിലവിലില്ല. എക്സ്-റേ മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എക്സ്-റേ ടെക്നീഷ്യന്റെ തസ്തിക താമരശ്ശേരി താലൂക്ക് ആശുപത്രിയിലേയ്ക്ക് താത്കാലികമായി പുനർവിന്യസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ